# കേരള സർവകലാശാല

നം. പി.ആർ.166/2017 ഫോൺ : 2305738

## പത്രക്കുറിപ്പ്

### ഒന്നാം വർഷ ബിരുദ പ്രവേശനം – 2017
### ചെങ്ങന്നൂർ എസ്.എൻ.കോളേജിൽ കമ്മ്യൂണിറ്റി ക്വാട്ടയിൽ സീറ്റൊഴിവ്

ചെങ്ങന്നൂർ എസ്.എൻ.കോളേജിൽ താഴെപ്പറയുന്ന ഒന്നാം വർഷ ബിരുദ കോഴ്സുകൾക്ക് കമ്മ്യൂണിറ്റി ക്വാട്ടയിൽ സീറ്റൊഴിവുണ്ട്. (കെമിസ്ട്രി – 6, ഫിസിക്സ്–3, മാത്തമാറ്റിക്സ് – 2, ഇക്കണോമിക്സ് – 6). ഈ സീറ്റുകളിലേയ്ക്ക് പരിഗണിയ്ക്കപ്പെടുവാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ 29.07.2017–നകം കോളേജിൽ അപേക്ഷ സമർപ്പിക്കണം. സർവകലാശാലയിലേയ്ക്ക് അപേക്ഷ അയയ്ക്കേണ്ടതില്ല. റാങ്ക് പട്ടിക 02.08.2017–ന് കോളേജിൽ പ്രസിദ്ധീകരിക്കും. റാങ്ക് പട്ടികയെ സംബന്ധിച്ച് പരാതിയുള്ളവർ 04.08.2017–നകം പ്രിൻസിപ്പലിന് രേഖാമൂലം പരാതി നൽകണം. പരാതികൾ പരിഗണിച്ച് തീർപ്പാക്കിയശേഷം 05.08.2017–ന് കോളേജിൽ പ്രവേശനം നടക്കും. കൂടുതൽ വിവരങ്ങൾക്ക് ഫോൺ – 0479 2360140.

### പ്രവേശനം നേടാതെ അലോട്ട്മെന്റിൽ നിന്നും പുറത്തായ വിദ്യാർത്ഥികൾക്കും അവസരം

ഒന്നാം വർഷ ബിരുദ പ്രവേശനത്തിന് ഏതെങ്കിലും കോളേജിൽ അലോട്ട്മെന്റ് ലഭിക്കുകയും എന്നാൽ കോളേജിൽ പ്രവേശനം നേടാത്തത് കാരണം തുടർന്നുള്ള അലോട്ട്മെന്റുകളിൽ പരിഗണിക്കപ്പെടാതെപോയവരുമായ വിദ്യാർത്ഥികൾ വെബ്സൈറ്റിലെ (http://admissions.keralauniversity.ac.in) ഓൺലൈൻ അപേക്ഷയിൽ തിരുത്തലുകൾ വരുത്തിയിട്ടുണ്ടെങ്കിൽ അവരെ നാലാം സപ്ലിമെന്ററി അലോട്ട്മെന്റിൽ പരിഗണിയ്ക്കുന്നതാണ്. ഇതിനായി പ്രത്യേക അപേക്ഷ സർവകലാശാലയ്ക്ക് നൽകേണ്ടതില്ല.

### പുനഃക്രമീകരിച്ച തീയതികൾ

കേരള സർവകലാശാല ജൂലൈ 26–ന് നടത്താനിരുന്ന പരീക്ഷകളുടെ പുനഃക്രമീകരിച്ച തീയതികൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.പരീക്ഷാകേന്ദ്രങ്ങൾക്കും സമയത്തിനും മാറ്റമില്ല.

### എം.എ. സോഷ്യോളജി ഫലം

കേരള സർവകലാശാല ഏപ്രിലിൽ നടത്തിയ എം.എ. സോഷ്യോളജി 2015–17 ബാച്ച് (സി.എസ്.എസ്) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. ലിജോ ലാൽ ഡബ്ലിയു (SOC 150503/2017) ഒന്നാം റാങ്ക് കരസ്ഥമാക്കി.

### പിജി പ്രവേശന പരീക്ഷ: ബിരുദതല മാർക്ക് ചേർക്കണം

കേരള സർവകലാശാല ബിരുദാനന്തര ബിരുദ പ്രവേശന പരീക്ഷ (സി.എസ്.എസ്) എഴുതിയ വിദ്യാർത്ഥികൾ ജൂലൈ 27 വൈകുന്നേരം അഞ്ച് മണിക്ക്

മുൻപ് അവരവരുടെ ബിരുദതല പരീക്ഷയുടെ മാർക്കും വിശദവിവരങ്ങളും ചേർക്കേണ്ടതും തിരുത്തലുകൾ ഉണ്ടെങ്കിൽ മാറ്റം വരുത്തേണ്ടതുമാണ്.

## പരീക്ഷാ തീയതി മാറ്റം

കേരള സർവകലാശാല ജൂലൈ 26-ന് ആരംഭിക്കാനിരുന്ന നാലാം സെമസ്റ്റർ എം.എ/എം.എസ്സി/എം.കോം/എം.എസ്.ഡബ്ലിയു/എം.ടി.എ/എം.പി.എ (റഗുലർ/സപ്ലിമെന്ററി) പരീക്ഷകൾ ജൂലൈ 31 മുതൽ ആരംഭിക്കും. പുതുക്കിയ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## എം.എസ്സി കെമിസ്ട്രി പരീക്ഷാ തീയതി മാറ്റം

കേരള സർവകലാശാല ജൂലൈ 26-ന് ആരംഭിക്കാനിരുന്ന നാലാം സെമസ്റ്റർ എം.എസ്സി കെമിസ്ട്രി (2011 അഡ്മിഷൻ മാത്രം) മേഴ്സിചാൻസ് പരീക്ഷ ജൂലൈ 31-ാം തീയതി മുതൽ ആരംഭിക്കുന്നതാണ്. പുതുക്കിയ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ഇന്റേണൽ പ്രൊജക്റ്റ് ഇവാല്യുവേഷൻ

കേരള സർവകലാശാലയുടെ നാലാം സെമസ്റ്റർ എം.എസ്സി കമ്പ്യൂട്ടർ സയൻസ് (എസ്.ഡി.ഇ) (2015-17) ബാച്ചിന്റെ ഇന്റേണൽ പ്രൊജക്റ്റ് ഇവാല്യുവേഷൻ ജൂലൈ 29, ആഗസ്റ്റ് അഞ്ച് ദിവസങ്ങളിൽ എസ്.ഡി.ഇ-യിൽ വച്ച് നടത്തപ്പെടും. കൂടുതൽ വിവരങ്ങൾക്ക് (www.ideku.net) സന്ദർശിക്കുക.

## IBPS സൗജന്യ പരിശീലനം

പ്രൊബേഷണറി ഓഫീസർ /മാനേജ്മെന്റ് ട്രെയിനി തസ്തികകളിലേക്കായി IBPS നടത്തുന്ന പ്രാഥമിക പരീക്ഷയ്ക്ക് തയ്യാറെടുക്കുന്ന ഉദ്യോഗാർത്ഥികൾക്കായി പി.എം.ജി ജംഗ്ഷനിലെ കേരള യൂണിവേഴ്സിറ്റി സ്റ്റുഡന്റ്സ് സെന്ററിൽ പ്രവർത്തിക്കുന്ന യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആന്റ് ഗൈഡൻസ് ബ്യൂറോ ആഗസ്റ്റ് രണ്ട് മുതൽ 25 ദിവസത്തെ സൗജന്യ പരിശീലനം നൽകുന്നു. താൽപര്യമുള്ള ഉദ്യോഗാർത്ഥികൾ എത്രയും വേഗം പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് പി.എം.ജി ജംഗ്ഷനിലെ യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആന്റ് ഗൈഡൻസ് ബ്യൂറോയുമായി ബന്ധപ്പെടുക. ഫോൺ: 0471-2304577.

തിരുവനന്തപുരം.
25.07.2017

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**